## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4743 | 28.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ. ജി. സുധാകരൻ** | **ഡോ. എം.കെ.മുനീർ**<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| **(എ)** നബാർഡ് - ആർ.ഐ.ഡി.എഫ് സ്കീം പ്രകാരം അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;<br><br>**(ബി)** പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ യെന്ന് വിശദമാക്കുമോ; | **(എ) & (ബി)** സാമൂഹ്യനീതി വകുപ്പിൽ നബാർഡ്- ആർഐഡിഎഫ് സ്കീം പ്രകാരം സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞുവീഴാറായവ പുനർ നിർമ്മിക്കുക എന്നിങ്ങനെ 700 അംഗൻവാടികളുടെ നിർമ്മാണ പ്രവർത്തനത്തിന് ബന്ധപ്പെട്ട സ്റ്റേറ്റ് ലെവൽ എംബവേർഡ് കമ്മിറ്റിയുടെ (SLEC) അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്ലാൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ലാനും, എസ്റ്റിമേറ്റും (2012- ലെ പൊതു മരാമത്ത് വകുപ്പ് എസ്.ഒ.ആർ പ്രകാരം), പണിയുടെ സമയക്രമം എന്നിവ ഉൾപ്പെടുത്തി കൊണ്ടുള്ള രേഖകൾ സഹിതം പ്രോഗ്രാം ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ബന്ധപ്പെട്ട എംഎൽഎ മുഖേനയും മറ്റും ശുപാർശ ചെയ്യപ്പെട്ട ഏതൊക്കെ അംഗൻവാടികളെയാണ് തെരഞ്ഞെടുക്കപ്പെടാവുന്നതെന്ന വിവരം ലഭ്യമാകുകയുള്ളൂ. |
| **(സി)** ഓരോ അംഗൻവാടിക്കും എന്ത് തുകയാണ് വക യിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | **(സി)** ഒരു അംഗനവാടിക്ക് 7 ലക്ഷം രൂപ ക്രമത്തിൽ നബാർഡ് - ആർഐഡിഎഫ് സ്കീം പ്രകാരം ധനസഹായം പ്രതീക്ഷിക്കുന്നുണ്ട്. |

R. Vijay (signature)

**സെക്ഷൻ ഓഫീസർ**